ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) 313

(ബി) 289

(സി) 24

ഡി) 359

(ഇ) 13 പേരെ പിരിച്ചു വിട്ടിട്ടുണ്ട്. അതിൽ രണ്ടുപേരെ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വീണ്ടും സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(എഫ്) ഒരാൾക്ക് രണ്ടുകൊല്ലത്തിൽ കൂടുതലും നാലുപേർക്ക് ഏകദേശം 20 മാസത്തോളവും ഏഴുപേർക്ക് ഏകദേശം പതിനെട്ട് മാസത്തോളവും ഒരാൾക്ക് ഏകദേശം പതിനാറ് മാസത്തോളവും സർവീസുണ്ടായിരുന്നു.

UNSTARRED QUESTIONS AND ANSWERS

വിഷവൈദ്യൻമാർക്ക് ഗ്രാന്റ്

91. [741] ശ്രീ. സി. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വിഷവൈദ്യൻമാർക്ക് ഗവൺമെന്റ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്;

(ബി) അനുവദിച്ചുകൊടുക്കുന്ന ഗ്രാന്റിന്റെ തോത് എന്താണ്;

(സി) വിഷവൈദ്യൻമാർക്ക് ഗവൺമെന്റ് ഗ്രാന്റ് അനുവദിക്കുന്നതിനും അനുവദിച്ച ഗ്രാന്റ് നിർത്തൽ ചെയ്യുന്നതിനും ഉള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്?

ഉത്തരം

(എ) 158 പേർക്ക് (നൂറിയൻപത്തിയെട്ട്)

(ബി) പ്രതിമാസം 75 രൂപ. (രണ്ടാം ഗ്രേഡ് ഗ്രാന്റ്)

(സി) വിഷവൈദ്യ ബോർഡ് നൽകിയിട്ടുള്ള അർഹതാ സർട്ടിഫിക്കറ്റ് ഉള്ള വിഷ വൈദ്യൻമാർക്ക് നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് അനുവദിക്കുന്നത്.

വൈദ്യശാലാ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാലോ വൈദ്യന് 70 വയസ്സ് തികഞ്ഞാലോ ഗ്രാന്റ് നിർത്തൽ ചെയ്യുന്നതാണ്.

പ്രൈവറ്റ് സ്കൂൾഅദ്ധ്യാപകരുടെ രാഷ്ട്രീയസ്വാതന്ത്ര്യം

92. [745] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ

(എ) പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധമായ കൽപ്പന എന്നാണ് പുറപ്പെടുവിച്ചത്;

(സി) പ്രസ്തുത കൽപ്പനയുടെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 29—5—67—ൽ.

(സി) † വച്ചിട്ടുണ്ട്.

പോലീസ് ക്വാർട്ടേഴ്സ്

93. [750] [ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ പോലീസ് സ്റ്റേഷനുവേണ്ടി പുതിയ ഒരു കെട്ടിടവും പോലീസ് ക്വാർട്ടേഴ്സും നിർമ്മിക്കാൻ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ ഏവ?

ഉത്തരം

(എ) ഉണ്ടായി.

(ബി) കോന്നിയിൽ പോലീസ് സ്റ്റേഷനും, പോലീസ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വനംവകുപ്പിൽനിന്ന് സമ്പാദിച്ചിട്ടുണ്ട്. കെട്ടിടം പണിയുന്നതിനുള്ള തുക വരുംകൊല്ലത്തെ ബഡ്ജറിൽ [പത്യേകമായി വകയിരുത്തിയിട്ടില്ല.

കേരള സർവീസ് റൂൾസ്

94. [755] ശ്രീ. എൻ. കണപതി: കീഴ് കാണും വിഷയങ്ങൾക്കു നിധി മന്ത്രി അവർകൾ വിടെ പകർവാർക്കളാക:

(എ) കേരള സർവീസ് റൂൾസ് മറു പതിപ്പു വെളിവരത്തടെയായിരുപ്പതു, പെൻഷൻ പറ്റിയ ചില വിതികളുക്കു അക്കൌണ്ടൻറു ജനറലതു അങ്കീകാരം കിടെക്കാതതു താൻ എന്നു മുന്നർ കൂറപ്പെട്ടിരുപ്പതാൽ അത്തടെ ഇപ്പോതു നീങ്കിയുള്ളതാ എന്നു കൂറപ്പടുമാ ;

(പി) 1968 ജനുവരി 1-ം തിയതി മുതൽ 1970 പിപ്രവരി 28-ം തിയതി മുടിയ നമതു നിതിത്തുറൈ കേരള സർവീസ് റൂൾകളുക്കു എത്തനൈ തിരുത്തങ്കൾ കൊടുത്തുള്ളനൈ;

(സി) അത്തിരുത്തങ്കളിൻ ഒവ്വൊരു നകൽ സഭൈ മുൻ സമർപ്പിക്കപ്പടുമാ;

(ടി) ഇതുപോൻറ ഒരു കഴിന്ത പട്ജെട് കൂട്ടത്തൊടരിലേയേ കേട്ടും വിടൈ നൽകപ്പടാമൈയാൽ തർപോതാവതു തങ്കളതു തുറൈയിൻ കീഴ് സെയൽപടും റൂൾസ് സെക്ഷൻമൂല : വിടൈ നൽക മുർപടുമാ?

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly